# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5183 — 22/5/2017 -ലെ മറുപടി

# തോപ്പുംപടിയിലെ വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | പശ്ചിമ കൊച്ചിയിലെ തോപ്പുംപടിയിലെ വാട്ടർ ടാങ്കിൽ, ടാങ്കിന്റെ കപ്പാസിറ്റിക്കനുസരിച്ച് കുടിവെള്ളം പൂർണ്ണതോതിൽ ശേഖരിക്കാനും വിതരണം ചെയ്യാനും സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പശ്ചിമ കൊച്ചിയിലെ തോപ്പുംപടിയിലെ വാട്ടർ ടാങ്കിന്റെ ശേഷി 18 ലക്ഷം ലിറ്ററാണ്. ടാങ്കിന്റെ കപ്പാസിറ്റിക്കനുസരിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ ഹൈഡ്രോളിക് ഹെഡ് ലഭ്യമാകുന്നതിന് ജലം ടാങ്കിൽ കയറ്റിയ ശേഷം ഗ്രാവിറ്റിയിലാണ് വിതരണം ചെയ്യുന്നത്. |
| (ബി) | ഇത് പരിഹരിക്കാനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ഇത് പരിഹരിക്കുന്നതിനായി JnNURM പദ്ധതിയിൽ നിന്നും 15 ദശലക്ഷം ലിറ്റർ ജലം അധികമായി കൊണ്ടുവരുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചു വരുന്നു. ഇതിനായി മട്ടാഞ്ചേരി പാലത്തിനടിയിലൂടെ പുതിയ 600 മി.മീ എം.എസ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. തോപ്പുംപടി (മട്ടാഞ്ചേരി പാലം) മുതൽ കരുവേലിപ്പടി വരെ പഴയ 700 മി.മീ പ്രിമോ പൈപ്പ് മാറ്റി പകരം പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്. |
| (സി) | എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

JSK/